# صيام التطوع

( باللغة المليبارية )

# സുന്നത്ത് നോമ്പുകൾ

ISLAMIC DA'WAH & GUIDENCE CENTER- DAMMAM- KSA
8272772, 8054445
www.islamwhy.co

ഇസ്‌ലാമിക പഞ്ചസ്തംബങ്ങളിലെ മഹത്തായ ഒരു ആരാധനാ കർമ്മമാണ് നോമ്പ്. നോമ്പിന്റെ ശ്രേഷ്ഠതയും, നോമ്പുകാരന് ലഭിക്കുന്ന പ്രതി ഫലവും മഹത്തരമാണ്. ഒരു ഖുദുസ്സിയായ ഹദീഥിൽ ആദം സന്തതിയുടെ സൽകർമ്മ ങ്ങൾക്ക് പത്ത് മുതൽ എഴു നൂറ് ഇരട്ടിവരെ പ്രതിഫലമുണ്ടെന്ന് അല്ലാഹു പറഞ്ഞപ്പോൾ നോമ്പിനെക്കുറിച്ച് അത് എനിക്കുള്ളതാണ് ഞാനാണ് അതിന് പ്രതി ഫലം നൽകുന്നത് എന്ന് പ്രത്യേകമായി പറഞ്ഞു. നോമ്പുകാർക്ക് മാത്രമായി പ്രവേശിക്കുവാൻ ‘റയ്യാൻ’ എന്നു പേരുള്ള ഒരു സ്വർഗ്ഗ കവാടം ഉണ്ടെന്നും നബിﷺ പഠിപ്പിച്ചു. നോമ്പുകാരനുവേണ്ടി പരലോകത്ത് നോമ്പ് ശുപാർശക്കാരനായി വരുന്നതാണ്. സ്വർഗ്ഗ പ്രവേശനത്തിന് വഴിയൊ രുക്കുന്ന ഒരു പ്രവർത്തനം അറിയിച്ചുതരണം എന്ന് പറഞ്ഞ അനുചരനോട് പ്രവാചക തിരുമേനിﷺ പറഞ്ഞു: ‘‘നീ നോമ്പനുഷ്ഠിക്കു ക, കാരണം അതിന് തുല്ല്യമായി ഒന്നും തന്നെയില്ല’’. നോമ്പുകാരന്റെ വായയുടെ വാസന അല്ലാഹുവിന്റെയടുത്ത് കസ്തൂരി പോലെ പരിമളമുള്ളതാണ്.

ഇത്തരം നിരവധി ശ്രേഷ്ഠതകൾ നേടണമെങ്കിൽ റമളാനിലെ നിർബന്ധമായ നോമ്പുകൾക്ക് പുറമെ സുന്നത്തായ നോമ്പുകളും അനുഷ്ഠി ക്കേണ്ടതുണ്ട്. നിർബന്ധ കർമ്മങ്ങൾക്ക് പുറമെ സുന്നത്തായ കർമ്മങ്ങളുമായി മുന്നേറുമ്പോഴാണ് ഒരാൾ അല്ലാഹുവിന്റെ ‘വലിയ്യ്’ ആയിത്തീരുക. ഇത്തരത്തിലുള്ള ഐച്ഛിക കർമ്മങ്ങൾ സ്വർഗ്ഗ പ്രവേശ നത്തിന് വഴിയൊരുക്കുകയും ചെയ്യുന്നു.

അബൂഹുറയ്റؓ വിൽനിന്നും നിവേദനം: അല്ലാഹുവിന്റെ ദൂതർﷺ ചോദിച്ചു: നിങ്ങളിൽ ആരാണ് ഇന്ന് നോമ്പുകാരനായിട്ടുള്ളത്? അ ബൂബക്കർؓ പറഞ്ഞു: ഞാൻ. അദ്ദേഹം ചോദിച്ചു: നിങ്ങളിൽ ആരാണ് ഇന്ന്



മയ്യിത്തിനെ അനുഗമിച്ചത്? അബൂബക്കർؓ പറഞ്ഞു: ഞാൻ. അദ്ദേഹം ചോദിച്ചു: നിങ്ങളിൽ ആരാണ് ഇന്ന് ഒരു സാധുവിനെ ഭക്ഷിപ്പിച്ചത്? അബൂബക്കർؓ പറ ഞ്ഞു: ഞാൻ. അദ്ദേഹം ചോദിച്ചു നിങ്ങളിൽനിന്ന് ആരാണ് ഇന്ന് ഒരു രോഗിയെ സന്ദർശിച്ചത്? അബൂബക്കർ ؓ പറഞ്ഞു: ഞാൻ.അപ്പോൾ അല്ലാഹുവിന്റെ ദൂതർﷺ പറഞ്ഞു: ഒരു മനുഷ്യനിൽ ഇവകൾ ഒരുമിച്ച് കൂടിയാൽ അയാൾ സ്വർഗ്ഗത്തിൽ പ്രവേശിക്കാതിരിക്കുകയില്ല’’ (മുസ്‌ലിം)

സുന്നത്ത് നോമ്പുകൾ ഏതെല്ലാമാണ് എ ന്നതാണ് ഈ ലഘുലേഖയുടെ ഉള്ളടക്കം.

**ഒന്ന്: ഒന്നിടവിട്ട ദിവസങ്ങളിൽ നോമ്പ നുഷ്ഠിക്കുക.**

അബ്ദുല്ലഹ് ഇബ്നു അംറ് ഇബ്നുൽ ആസ്ؓ വിൽനിന്നും നിവേദനം: നബിﷺ പറഞ്ഞു: അല്ലാഹുവിന് ഏറ്റവും ഇഷ്ടപെട്ട നോമ്പ് ദാവൂദ് നബിﷺ ന്റെ നോമ്പാണ്. അല്ലാഹുവിന് ഏറ്റവും ഇഷ്ടപെട്ട നമസ്കാരം ദാവൂദ് നബി ﷺന്റെ നമസ്കാരവുമാണ്. രാത്രിയുടെ പകുതി അദ്ദേഹം ഉറങ്ങുകയും മൂന്നിലൊന്ന് നമസ്കരിക്കുകയും അതിന്റെ ആറിലൊന്ന് ഉറങ്ങുകയും ചെയ്യും. ഒന്നിടവിട്ട ദിവസങ്ങളിൽ അദ്ദേഹം നോമ്പെടുക്കുകയും ചെയ്യുമായി രുന്നു. (ബുഖാരി, മുസ്‌ലിം)

**രണ്ട്: അയ്യാമുൽ ബീള്.**
**(അറബി മാസത്തിലെ പതിമൂന്ന് പതിനാല് പതിനഞ്ച് ദിവസങ്ങൾ)**

അബൂഹുറയ്റؓ വിൽനിന്നും; അദ്ദേഹം പറഞ്ഞു; എന്റെ പ്രിയകൂട്ടുകാരൻ നബിﷺ മൂന്ന് കാര്യങ്ങൾ എന്നെ ഉപദേശിച്ചു. ഓരോ മാസത്തിലും മൂന്ന് ദിവസം നോമ്പ നുഷ്ഠിക്കു വാനും ളുഹായുടെ രണ്ട് റക അത്തകളും,

ഉറങ്ങുന്നതിനു മുമ്പായി വിത്ർ നമസ്കരിക്കുവാനും. (ബുഖാരി, മുസ്‌ലിം). സ്വഹാബിമാർ പറയുന്നു; നബിﷺ വെളുത്തരാവുകളിൽ അതായത് പതിമൂന്ന്, പതിനാല്, പതിനഞ്ച് ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കുവാൻ ഞങ്ങളോട് കൽപ്പിക്കാറുണ്ടായിരുന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു: അവ കാലം മുഴുവൻ നോമ്പനുഷ്ഠിക്കുന്നതുപോലെയാണ്. (അബൂദാവൂദ്)

**മൂന്ന്: ദുൽഹജ്ജ് മാസത്തിലെ ആദ്യത്തെ ഒൻപത് ദിവസങ്ങൾ പ്രത്യേകിച്ച് ദുൽഹജ്ജ് ഒൻപത് (അറഫ ദിവസം).**

ഇബ്നു അബ്ബാസ് ؓ വിൽനിന്നും നിവേദനം അല്ലാഹുവിന്റെ ദൂതർ ﷺ ഇപ്രകാരം പറഞ്ഞു: 'ഈ ദിവസങ്ങളേക്കാൾ (ദുൽഹ ജ്ജ് മാസത്തിലെ ആദ്യത്തെ പത്ത് ദിവസങ്ങൾ) സൽകർമ്മങ്ങൾ അല്ലാഹുവിന് ഏറ്റവും ഇഷ്ടപെട്ട മറ്റൊരു ദിവസവുമില്ല. അവർ ചോദിച്ചു; അല്ലാഹുവിന്റെ ദൂതരേ അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദോ? അദ്ദേഹം പറഞ്ഞു: ഒരാൾ തന്റെ സമ്പത്തും ശരീരവുമായി യുദ്ധകളത്തിലേക്ക് പോയി തിരിച്ചു വരാത്തവിധം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അർപ്പിച്ച് രക്തസാക്ഷിത്വം വരിച്ചങ്കിലല്ലാതെ അതും (ജിഹാദ്) ഈ ദിവസങ്ങളിലെ സർകർമ്മങ്ങളോളം പുണ്ണ്യമായി തീരുകയില്ല' (ബുഖാരി)

**നാല്: അറഫാ നോമ്പ്.**

ഹാജിമാരല്ലാത്തവർക്ക് ദുൽഹജ്ജ് ഒൻപതിന് നോമ്പനുഷ്ടിക്കൽ സുന്നത്താണ്. അബൂഖത്താദؓവിൽനിന്നും നിവേദനം: അറഫ നോമ്പിനെ സംബന്ധിച്ച് നബിﷺ ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു; കഴിഞ്ഞ ഒരു വർഷത്തേയും അവശേഷിക്കുന്ന ഒരു വർഷത്തെയും (പാപം അതുമുഖേന) പൊറുക്കപ്പെടും''. അുസ്‌ലിം



**അഞ്ച്: ആശൂറാഅ് (മുഹറം പത്തിന്)**

അബൂഹുറയ്റ ؓവിൽനിന്നും നിവേദനം അദ്ദേഹം പറഞ്ഞു അല്ലാഹുവിന്റെ ദൂതർ ﷺ ചോദിക്കപെട്ടു: നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷം ഏറ്റവും ഉത്തമമായ നമസ്കാരം ഏതാണ്?. അദ്ദേഹം പറഞ്ഞു: രാത്രിയുടെ ഉള്ളിൽവെച്ചുള്ള നമസ്കാരം. പറയപ്പെട്ടു; റമളാനിന് ശേഷം ഏറ്റവും ഉത്തമമായ നോമ്പ് ഏതാണ്? അദ്ദേഹം പറഞ്ഞു: നിങ്ങൾ മുഹറം എന്ന് വിളിക്കുന്ന അല്ലാഹുവിന്റെ മാസ (ത്തിലെ നോമ്പ്) (മുസ്‌ലിം)

അബൂഖത്താദ ؓ യിൽനിന്നും: ''മുഹറം പത്തിലെ നോമ്പിനെ സംബന്ധിച്ച് നബി ﷺ ചോദിക്കപെട്ടു, അപ്പോൾ അദ്ദേഹം പറഞ്ഞു; കഴിഞ്ഞ ഒരു വർഷത്തെ (പാപം അതുമുഖേന) പെറുക്കപ്പെടും''. മുസ്‌ലിം

**ആറ്: താസൂആഅ് (മുഹറം ഒൻപത്)**

ഇബ്നു അബ്ബാസ് ؓ വിൽനിന്നും നിവേദനം അല്ലാഹുവിന്റെ ദൂതർ ﷺ പറഞ്ഞു; അടുത്തവർഷം വരെ ഞാൻ (മരിക്കാതെ) അവശേഷിക്കുകയാണെങ്കിൽ തീർച്ചയാ യും മുഹറം ഒൻപതിന് നോമ്പ് അനുഷ്ഠിക്കുക തന്നെ ചെയ്യും'' മുസ്‌ലിം.

**ഏഴ്; തിങ്കൾ, വ്യാഴം ദിവസങ്ങളിൽ**

അബൂഹുറയ്റ ؓ വിൽനിന്ന് ;അല്ലാഹു വിന്റെ ദൂതർ ﷺ പറഞ്ഞു; തിങ്കളാഴ്ചയും വ്യാഴാഴ്ചയും പ്രവർത്തനങ്ങൾ (അല്ലാഹുവിന്) പ്രദർശിപ്പിക്കപെടുന്നു. ഞാൻ നോമ്പുകാരനായ രൂപത്തിൽ എന്റെ പ്രവർത്തനങ്ങൾ പ്രദർശിക്കപ്പെടുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. (തിർമിദി)



**എട്ട്: ശവ്വാൽ മാസത്തിലെ ആറ് നോമ്പ്.**

അബൂഅയ്യൂബ് ؓ ൽനിന്നും അല്ലാഹുവിന്റെ ദൂതർ ﷺ പറഞ്ഞു: ആരെങ്കിലും റമളാനിൽ നോമ്പനുഷ്ഠിക്കുകയും പിന്നീട് ശവ്വാൽ മാസത്തിൽനിന്ന് ആറെണ്ണം തുടർത്തുകയും ചെയ്താൽ വർഷം മുഴുവൻ നോമ്പനുഷ്ടിച്ചവനെപ്പോലെയായിതീർന്നു. (മുസ്‌ലിം)

**ഒൻപത്: ശഅബാൻ മാസത്തിലെ നോമ്പ്**

ഉസാമ ഇബ്ന സൈദ് ؓ വിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു ഞങ്ങൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ അങ്ങ് ശഅബാനിൽ നോമ്പനുഷ്ഠിക്കുന്നതു പോലെ മറ്റൊരു മാസത്തിലും നോമ്പനുഷ്ഠിക്കുന്നതായി ഞാൻ കണ്ടിട്ടില്ലല്ലോ? അദ്ദേഹം പറഞ്ഞു: റജബിന്റെയും റമളാനിന്റെയും ഇടയിൽ ജനങ്ങൾ അശ്രദ്ധരാകുന്ന ഒരു മാസമാണിത്. ലോകരക്ഷിതാവിലേക്ക് കർമ്മങ്ങൾ ഉയർത്തപ്പെടുന്ന ഒരു മാസവുമാണ്. ഞാൻ നോമ്പുകാരനായ അവസ്ഥയിൽ എന്റെ പ്രവർത്തനങ്ങൾ ഉയർത്തപ്പെടുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. (നസാഇ.)

**പത്ത്: അവിവാഹിതർക്ക്**

ചെറുപ്പക്കാരോടായി നബി ﷺ പറഞ്ഞു: യുവസമൂഹമേ! വിവാഹം കഴിക്കുവാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ അവൻ വിവാഹം കഴിക്കട്ടെ, കണ്ണ് താഴ്ത്തുവാനും ജനനേന്ദ്രിയത്തിന്റെ സുരക്ഷിതത്വത്തിനും അതാണ് നല്ലത്. അതിന് സാധിക്കാത്തവർ നോമ്പനുഷ്ഠിക്കട്ടെ. തീർച്ചയായും അത് അവന് ഒരു കെട്ടുകയറാകുന്നു. (ബുഖാരി)

**وصلى الله على نبينا محمد وآله وصحبه أجمعين**